3. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ :

ടി പെൻഷൻ പദ്ധതിയിൽ 27-3-2007-ലെ ജി.ഒ. (എംഎസ്.) നം. 15/2007-സാ.ക്ഷേ.വ. ഉത്തരവിൻപ്രകാരം കേന്ദ്ര വിഹിതം 75 രൂപയിൽനിന്നും 200 രൂപയായി വർദ്ധിപ്പിച്ച് നിലവിൽ സംസ്ഥാന വിഹിതമായ 35 രൂപ ഉൾപ്പെടെ 235 രൂപ നിരക്കിൽ പെൻഷൻ നൽകി വന്നിരുന്നതും 20-6-2008-ലെ സ.ഉ. (എംഎസ്.) നം. 37/2008-സാ.ക്ഷേ.വ. ഉത്തരവു പ്രകാരം 1-4-2008 മുതൽ മുൻകാല പ്രാബല്യത്തോടെ സംസ്ഥാന വിഹിതം 35 രൂപയിൽനിന്നും 50 രൂപയായി വർദ്ധിപ്പിച്ച് 250 രൂപ നിരക്കിലും 23-6-2010-ലെ സ.ഉ. (എംഎസ്.) നം. 38/10-സാ.ക്ഷേ.വ. ഉത്തരവു പ്രകാരം 1-4-2010 മുതൽ മുൻകാല പ്രാബല്യത്തോടെ 250 രൂപയിൽ നിന്നും 300 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) സാമൂഹ്യക്ഷേമ പെൻഷനുകളിൽ 2 മുതൽ 4 മാസം വരെ കുടിശ്ശിക ഉണ്ട്.

സർക്കാർ സഹായം ലഭിക്കുന്ന അനാഥ മന്ദിരങ്ങളും ചാരിറ്റബിൾ സ്ഥാപനങ്ങളും

73 (6231) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ സഹായം ലഭിക്കുന്ന എത്ര അനാഥ മന്ദിരങ്ങളും ചാരിറ്റബിൾ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് നിലവിലുള്ള സർക്കാർ സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 579 അനാഥാലയങ്ങളും 144 വൃദ്ധ സദനങ്ങളും 3 ബഗ്ഗർ ഹോമുകളുമാണ് സർക്കാർ ധനസഹായം ലഭിക്കുന്ന ക്ഷേമസ്ഥാപനങ്ങൾ. അവയുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സംസ്ഥാനത്ത് അനാഥാലയങ്ങളെയും മറ്റ് ധർമ്മ സ്ഥാപനങ്ങളെയും നിയന്ത്രിക്കുന്നതും അംഗീകാരം നൽകുന്നതും ഓർഫനേജ് കൺട്രോൾ ബോർഡാണ്. അംഗീകാരത്തിനായി ലഭിക്കുന്ന അപേക്ഷയിന്മേൽ സ്ഥാപനം സന്ദർശിച്ച് പരിശോധന നടത്തി റിപ്പോർട്ട് നൽകുന്നത് ഓർഫനേജ് കൺട്രോൾ ബോർഡ് അംഗങ്ങളാണ്. അംഗീകാരം പുതുക്കുന്നതിനായി ലഭിക്കുന്ന അപേക്ഷയിന്മേൽ സ്ഥാപനം സന്ദർശിച്ച് പരിശോധന ഓർഫനേജ് കൺട്രോൾ ബോർഡ് അംഗങ്ങൾ നടത്താറുണ്ട്.

സർക്കാർ ഗ്രാന്റ് ലഭിക്കുന്ന സ്ഥാപനങ്ങളിൽ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർ പരിശോധന നടത്താറുണ്ട്. ലോക്കൽ ഫണ്ട് ഓഡിറ്റ് ഉദ്യോഗസ്ഥരും ഗ്രാന്റ് ലഭിക്കുന്ന സ്ഥാപനങ്ങളിൽ പരിശോധന നടത്താറുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly